# കേരള സംഗീത നാടക അക്കാദമി
## എം.എ മ്യൂസിക് കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പിന്റെ വ്യവസ്ഥകൾ.

1. ഈ സ്കോളർഷിപ്പ് കേരള സംഗീത നാടക അക്കാദമി എം.എ മ്യൂസിക് സ്കോളർഷിപ്പ് എന്ന പേരിലറിയപ്പെടുന്നു. കേരളത്തിലെ എല്ലാ സർക്കാർ/എയ്ഡഡ് സംഗീത കോളേജുകളിൽ നിന്നുമുള്ള വിദ്യാർത്ഥികൾക്കും ഈ സ്കോളർഷിപ്പിന് അപേക്ഷിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതാണ്.

2. എം.എ മ്യൂസിക് സ്കോളർഷിപ്പു തുക പ്രതിമാസം 2,500/- രൂപയുമായിരിക്കും.

3. എം.എ മ്യൂസിക് സ്കോളർഷിപ്പിനുള്ള വാർഷിക കുടുംബ വരുമാനം 1,00,000/- രൂപയായി നിജ പ്പെടുത്തിയിരിക്കുന്നു. ബന്ധപ്പെട്ട വില്ലേജ് ഓഫീസർ നൽകുന്ന സാക്ഷ്യപത്രമാണ് വാർഷിക വരുമാനത്തിന് പരിഗണിക്കുക.

4. കേരള സംഗീത നാടക അക്കാദമി ചെയർമാൻ, സെക്രട്ടറി, സംഗീത വിഭാഗത്തിൽ വിദഗ്ദ്ധർ ആയ രണ്ടു പേർ എന്നിവർ ഉൾപ്പെട്ട ഒരു സമിതിയായിരിക്കും സ്കോളർഷിപ്പിനുള്ള കുട്ടികളെ തെരഞ്ഞെടുക്കുക.

5. പ്രസ്തുത സ്കോളർഷിപ്പുകൾക്ക്, വിദ്യാർത്ഥികൾ, പ്രവേശനം നടന്ന വർഷം നിശ്ചിതഫോറത്തിൽ ബന്ധപ്പെട്ട രേഖകൾ സഹിതം വകുപ്പുതലവൻ വഴി അക്കാദമിയിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. സംഗീത നാടക അക്കാദമി യഥാസമയം ഇതിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

6. എം.എ മ്യൂസിക് ദ്വിവത്സര കോഴ്സിന് ചേർന്നു പഠിക്കുന്ന 12 വിദ്യാർത്ഥികൾക്കാണ് എം.എമ്യൂസിക് സ്കോളർഷിപ്പ് അനുവദിക്കുന്നത്. ഇതിൽ മൂന്നു പേർ പെൺകുട്ടികളായിരിക്കണം. പെൺകുട്ടികളുടെ അഭാവത്തിൽ ആൺകുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതാണ്. 2-ാം വർഷ വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപനത്തിന്റെ മേലാധികാരിയിൽ നിന്ന് തൃപ്തികരമായി പഠനം നടത്തുന്നുണ്ടെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുണ്ട്.

7. സ്കോളർഷിപ്പു തുക കൈപ്പറ്റുന്നതിന് എല്ലാ മാസവും 15-ാം തീയതിക്കു മുമ്പായി വിദ്യാർത്ഥികൾ ഒപ്പിട്ട രസീത് അക്കാദമിയിൽ ഹാജരാക്കേണ്ടതാണ്. രസീതിൽ കോളേജ് മേധാവി മേലൊപ്പ് വെച്ചിരിക്കണം. സ്കോളർഷിപ്പു തുക അതാതു കോളേജ് മേധാവി മുഖേന അക്കാദമി വിതരണം ചെയ്യുന്നതാണ്.

8. ഏതെങ്കിലും കാരണവശാൽ പഠനം മതിയാക്കുകയോ അച്ചടക്ക നടപടിക്ക് വിധേയരായി പഠനം നിർത്തുകയോ ചെയ്താൽ അക്കാദമി നൽകിവരുന്ന സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കുന്നതല്ല. ഇങ്ങനെയുള്ള വിദ്യാർത്ഥികളുടെ വിവരം കോളേജ് മേധാവികൾ യഥാസമയം അക്കാദമിയെ രേഖാമൂലം അറിയിക്കേണ്ടതാണ്.

9. എം.എ.മ്യൂസിക് സ്കോളർഷിപ്പ് വിതരണം സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്താൻ അക്കാദമി സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കും.

സെക്രട്ടറി.

എൻ.കെ.ടി

# കേരള സംഗീത നാടക അക്കാദമി, തൃശൂർ - 20

## എം.എ സംഗീതം സ്കോളർഷിപ്പിനുള്ള അപേക്ഷാ ഫോറം

ഫോട്ടോ

1. പേര് :
2. പൂർണ്ണമായ വിലാസം :

   ഫോൺ നമ്പർ :

3. വയസ്സും, ജനനതീയതിയും :
4. രക്ഷാകർത്താവിന്റെ പേരും വിലാസവും :
5, വിദ്യാഭ്യാസ യോഗ്യത :
6. പഠിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനവും : കോഴ്സും, അഡ്മിഷൻ നടന്ന വർഷവും
7. കുടുംബ വാർഷിക വരുമാനം :
   (വരുമാന സർട്ടിപിക്കറ്റ് ഹാജരാക്കണം)

മേൽപ്പറഞ്ഞ വിവരങ്ങൾ ശരിയാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം : ഒപ്പ് :

തിയതി: അപേക്ഷകന്റെ പേര് :

ഡയറക്ടറുടെ അഭിപ്രായവും ശുപാർശയും :

സ്ഥലം :

തിയതി :

ഡയറക്ടർ,

(സ്ഥാപനത്തിന്റെ പേര്, വിലാസം) :